കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ലാപ്സായിപ്പോയ തുക

11 (1063) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-2003 സാമ്പത്തിക വർഷം സർക്കാരിന്റെ ഓരോ വകുപ്പുകളും വഴി പ്ലാനിലും നോൺ പ്ലാനിലുമായി ചെലവഴിക്കാൻ ലക്ഷ്യമിട്ട തുകയെത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് യഥാർത്ഥ ചെലവ് എത്രയായിരുന്നു ;

(സി) ഓരോ വകുപ്പിലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കാൻ കഴിയാത്തതിനാൽ ലാപ്സായിപ്പോയ തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 2002-2003 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി പ്ലാനിൽ 3901.92 കോടി രൂപയും നോൺ-പ്ലാനിൽ 10839.65 കോടി രൂപയും ചെലവഴിക്കാൻ ലക്ഷ്യമിട്ടിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറൽ തയ്യാറാക്കിയ 2003 മാർച്ച് 31 വരെയുള്ള താൽക്കാലിക കണക്കനുസരിച്ച് പ്ലാനിൽ 3590.7 കോടി രൂപയും നോൺ-പ്ലാനിൽ 11236.24 കോടി രൂപയും ചെലവഴിച്ചതായി കാണുന്നു.

(സി) 2002-2003-ലെ വിശദമായ കണക്കുകൾ അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭിച്ചിട്ടില്ല. അതിനാൽ ലാപ്സായ തുകയുടെ വിശദവിവരം ഇപ്പോൾ ലഭ്യമല്ല.

പൊതുമേഖലാ സ്ഥാപനങ്ങൾക്കുവേണ്ടി എടുത്ത വായ്പ

12 (1064) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. തുടങ്ങിയ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി ഈ സർക്കാർ എന്തുതുക വീതം ഏതെല്ലാം ഏജൻസികളിൽ നിന്നും വായ്പ എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സർക്കാർ ആവശ്യത്തിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കു വേണ്ടിയും എടുത്തിട്ടുള്ള ഓരോ വായ്പയുടേയും സർവ്വീസ് ചാർജ്, കൺസൾട്ടൻസി ഫീസ്, പലിശ എന്നിവ എത്ര വീതമാണെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly